**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. സി.പി. പ്രശാന്ത് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1035/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 12.04.2018

---

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 15.07.2014-ലെ ഡി4-26984/09 നമ്പർ നടപടിക്രമം

2. ശ്രീ. സി.പി. പ്രശാന്ത് സമർപ്പിച്ച 23.04.2015-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 14.09.2014-ലെ ഡി4-26984/09 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ല താനൂർ ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി ക്ലാർക്ക് ശ്രീ. സി.പി. പ്രശാന്തിനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ. സി.പി. പ്രശാന്ത് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശം (1) ഉത്തരവ് ടിയാൻ 18.08.2014-ന് കൈപ്പറ്റുകയും അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് 18.08.2014-ന് കൈപ്പറ്റിയ ശ്രീ. സി.പി. പ്രശാന്ത് അപ്പീൽ അപേക്ഷ സമർപ്പിച്ചത് 23.04.2015-നാണ്. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ രണ്ട് മാസത്തിലധികം കാലതാമസം വന്നതിനാൽ അപ്പീൽ അപേക്ഷ പുന:പരിശോധിക്കേണ്ടതില്ലായെന്നുകണ്ട് താനൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. സി.പി. പ്രശാന്ത് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. സി.പി. പ്രശാന്ത്, മുൻ യു.ഡി. ക്ലാർക്ക്, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/50/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ